"ഭരണഭാഷ-മാതൃഭാഷ"

തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്
കോഴിക്കോട് ജില്ലാ ടൗൺപ്ലാനറുടെ നടപടി ക്രമം
(ഹാജർ :ഐഷ പി.എ, ടൗൺപ്ലാനർ)

വിഷയം: തിക്കോടി ഗ്രാമ പഞ്ചായത്ത് തിക്കോടി വില്ലേജ് റീ സർവ്വേ നം 21/25,21/24,21/23,21/22(old 21/22) പെട്ട സ്ഥലത്ത് വിദ്യാഭ്യാസ കെട്ടിട നിർമ്മാണത്തിനു വേണ്ടി വിദ്യസദനം ചാരിറ്റബിൾ ട്രസ്റ്റ് അപേക്ഷയിൽ ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: ചെയർമാൻ, വിദ്യസദനം ചാരിറ്റബിൾ ട്രസ്റ്റിന്റെ 07/06/2021-ലെ അപേക്ഷ.

ഉത്തരവ് നമ്പർ TCPKZD/263/2021-C1 തീയതി 18/07/2021

തിക്കോടി ഗ്രാമ പഞ്ചായത്ത് തിക്കോടി വില്ലേജ് വാർഡ് നമ്പർ 7, റീ സർവ്വേ നം 21/25,21/24,21/23,21/22(old 21/22) ൽപെട്ട 10027 ച.മീറ്റർ സ്ഥലത്ത് 3476.89 ച.മീറ്റർ BUILT UP ഏരിയ വരുന്ന വിദ്യാഭ്യാസ കെട്ടിട നിർമാണത്തിന് (എഫ്.എസ്.ഐ- 0.34, കവറേജ്- 18.46%) ചെയർമാൻ, വിദ്യസദനം ചാരിറ്റബിൾ ട്രസ്റ്റിന്റെ അപേക്ഷയിൽ കെ.പി.ബി.ആർ-2019 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലേ ഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. നിർമ്മാണം കെ.പി.ബി.ആർ-2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. കെ.പി.ബി.ആർ 2019 ചട്ടം പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരിതയും ഉടമസ്ഥാവകാശവും ഭൂമിയുടെ തരം എന്നിവ സെക്രട്ടറി പരിശോധിച്ചു ഉറപ്പ് വരുത്തേണ്ടതാണ്.
3. പെർമിറ്റ് നൽകുന്നതിന് മുമ്പ് കെ.പി.ബി.ആർ -2019 ചട്ടം 5(4) പ്രകാരം ബന്ധപ്പെട്ട മറ്റ് വകുപ്പുകളിൽ നിന്നും NOC കൾ ആവശ്യമാണെങ്കിൽ ആയവ ലഭ്യമാക്കിയിട്ടുണ്ടെന്നു ഉറപ്പ് വരുത്തേണ്ടതാണ്.
4. കെ.പി.ബി.ആർ-2019 ചട്ടം (42)ഉം അനുബന്ധ ചട്ടങ്ങളും അനുസരിച്ച് അംഗപരിമിതർക്ക് ആവശ്യമായ റാമ്പ്/ലിഫ്റ്റ്, ടോയ്‌ലറ്റ്, പാർക്കിംഗ് എന്നീ സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ചട്ടം 42(3) പ്രകാരം അംഗപരിമിതർക്കു ആവശ്യമായ റാമ്പിന്റെ പരമാവധി ചരിവ് 1 :12 ൽ കൂടാൻ പാടില്ല. അംഗപരിമിതർക്കു ആവശ്യമായ പാർക്കിംഗ് മുഖ്യ കവാടത്തിൽ നിന്നും പരമാവധി 30 മീ അകലം കവിയാൻ പാടില്ല.
5. പ്ലാനിൽ രേഖപ്പെടുത്തിയ ശുചിമുറി, മഴവെള്ളസംഭരണി, പാർക്കിംഗ് സൗകര്യങ്ങൾ മുതലായവ കെ.പി.ബി.ആർ-2019 പ്രകാരവും പ്രായോഗികമായും നടപ്പാക്കിയിട്ടുണ്ടെന്ന് ഒക്കുപൻസി നൽകുന്നതിന് മുമ്പ് ഉറപ്പ് വരുത്തേണ്ടതാണ്.
6. കെ.പി.ബി.ആർ-2019 ലെ ചട്ടം 79 പ്രകാരം സുരക്ഷിതമായി മാലിന്യം നിർമാർജനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ പ്രായോഗികമായി നടപ്പാക്കിയിട്ടുണ്ടെന്ന് ഒക്കുപൻസി നൽകുന്നതിന് മുമ്പ് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
7. കെ.പി.ബി.ആർ-2019 ചട്ടം 76(3) Urban forestry പ്രകാരം വേണ്ട മരങ്ങൾ ഉൾപെടുത്തിയെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
8. ചട്ടം 79(6) പ്രകാരമുള്ള മലിന ജലം പുതുക്കി പുനരുപയോഗത്തിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

9. ചട്ടം 28 പ്രകാരം ആവശ്യമുള്ള road access width ഉണ്ടന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
10. കെട്ടിടത്തിന്റെ നിർമ്മാണം തുടങ്ങിയതിനാൽ ചട്ടപ്രകാരമുള്ള ക്രമവത്കരണത്തിനുള്ള ഫീസ് ഈടാക്കേണ്ടതാണ്.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ റ്റി.പി.എൽ.എ 26/2021 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Note: മേൽ ഉത്തരവ് നിർമ്മാണം ആരംഭിക്കാനുള്ള അനുമതി അല്ല ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ലേഔട്ട് അനുമതി ലഭിച്ച പ്ലാനുകൾ സഹിതം കെ.പി.ബി.ആർ-2019 ചട്ടം 5 പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കെട്ടിട നിർമ്മാണാനുമതി വാങ്ങേണ്ടതാണ്.

കോഴിക്കോട് പിൻ: 673 005

ഐഷ പി.എ
ടൗൺപ്ലാനർ

ചെയർമാൻ, വിദ്യസദനം ചാരിറ്റബിൾ ട്രസ്റ്റ്
(ഒരു സെറ്റ് പ്ലാൻ സഹിതം)

പകർപ്പ് :
1) സെക്രട്ടറി, തിക്കോടി ഗ്രാമപഞ്ചായത്ത്
2) വെബ് സൈറ്റ്
3) അധികം